പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1959 **26-10-2026-ൽ മറുപടിയ്ക്ക്**

പുനലൂർ താലൂക്ക് ആശുപത്രി വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ മുഴുവൻ സമയവും പാവപ്പെട്ട രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

മറുപടി: പുനലൂർ താലൂക്കാസ്ഥാനാശുപത്രിയിൽ 2026 സെപ്റ്റംബർ 1 മുതൽ മെഡിസിൻ, സർജറി പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോ, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ 24 മണിക്കൂർ സേവനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രസ്തുത വിഭാഗം സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും രാത്രി 8 മണി മുതൽ രാവിലെ 8 മ ണി വരെ on call സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2026 ഒക്ടോബർ 1 മുതൽ DRP മുഖേന 8 PG വിദ്യാർഥികളെയും പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയോഗിച്ചിട്ടുണ്ട്

(ബി) പുനലൂർ താലൂക്ക് ആശുപത്രിയിൽ മുഴുവൻ സമയവും ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുള്ള സ്ഥലം എം.എൽ.എ.-യുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് പരിഗണിച്ച് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ചു വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ